LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ സംരംഭകരുടെ സഹായത്തോടെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ നടപ്പാലം നിർമ്മിക്കാൻ നടപടി

316 [2373] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട് പഞ്ചായത്തിനെ ക്ലാപ്പനയുമായി ബന്ധിപ്പിച്ച് ടി.എസ്. കനാലിനു കുറുകെ കരമാർഗ്ഗം യാത്ര സുഗമമാക്കുന്നതിന് ഒരു നടപ്പാലം നിർമ്മിച്ചുനൽകാൻ മാതാ അമൃതാനന്ദമയി മഠം ട്രസ്റ്റ് പൂർണ്ണ ചെലവ് വഹിച്ചുകൊള്ളാം എന്ന ഉറപ്പിന്മേൽ സർക്കാരിനു സമർപ്പിച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ പണം വിനിയോഗിക്കാതെ തന്നെ ജനോപകാര പ്രദമായ ഇത്തരം വികസന പ്രവർത്തനങ്ങൾക്ക് പണം മുടക്കാൻ സ്വകാര്യ സംരംഭകർ എത്തുമ്പോൾ അവരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്;

(സി) പ്രസ്തുത പാലം പണിയുന്നതിനാവശ്യമായ ഗവൺമെന്റിന്റെ അനുമതി എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അപേക്ഷ സർക്കാർ പരിശോധിച്ചു. നിർദ്ദിഷ്ട നടപ്പാലം ദേശീയ ജലപാത III-ൽപ്പെട്ട കനാലിൽ ആയതിനാൽ ഈ കനാലിനു കുറുകെ പാലം നിർമ്മിക്കുന്നതിന് IWAI-യുടെ അംഗീകാരം ആവശ്യമാണ്. IWAI മാനദണ്ഡങ്ങൾക്കനുസരിച്ച് പാലം നിർമ്മിക്കുന്നതിനുള്ള ഡിസൈൻ തയ്യാറാക്കി സമർപ്പിക്കുവാൻ അമൃതാനന്ദമയീ മഠത്തിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) വികസനപ്രവർത്തനത്തിന് പണം വിനിയോഗിക്കാൻ മുന്നോട്ടു വരുന്ന സ്വകാര്യ സംരംഭകർക്ക് നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി സാധ്യമായ എല്ലാ പ്രോത്സാഹനങ്ങളും നൽകിവരുന്നുണ്ട്.

(സി) ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

നടപ്പാതയും ഹാൻഡ് റെയിലും സ്ഥാപിക്കാൻ നടപടി

317 [2374] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കണ്ടറി സ്കൂൾ മുതൽ കല്ലടി ഹയർ സെക്കണ്ടറി സ്കൂൾ വരെ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം റോഡിന് വടക്കുവശത്ത് ഒരു നടപ്പാതയും ഹാൻഡ് റെയിലും സ്ഥാപിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. അനുമതി കിട്ടുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതാണ്.

(സി) അനുമതി ലഭിച്ചാൽ 6 മാസത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി തീർക്കാൻ നടപടി

318 [2375] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വകുപ്പുകൾക്കായി എത്ര പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു നൽകി എന്ന് ജില്ല തിരിച്ച് വിവരം വ്യക്തമാക്കുമോ;

(ബി) ഗവൺമെന്റ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ സർക്കാർ എന്തു തുക ചെലവിട്ടു;

(സി) കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി ചെയ്യാത്തതിനാൽ അപകട ഭീഷണി നേരിടുന്ന ഗവൺമെന്റ് കെട്ടിടങ്ങളുടെ സംരക്ഷണത്തിന് എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) സ്കൂൾ കെട്ടിടങ്ങളും, ആശുപത്രി കെട്ടിടങ്ങളും മുൻഗണനാ ക്രമത്തിൽ അറ്റകുറ്റപ്പണി ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 106.38 കോടി രൂപ.

(സി) ഇത്തരം കെട്ടിടങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതാതു സമയത്ത് വേണ്ട അറ്റകുറ്റപ്പണികൾ നടത്താറുണ്ട്.

(ഡി) സ്കൂൾ കെട്ടിടങ്ങളുടെയും മെഡിക്കൽ കോളേജുകൾ ഒഴികെയുള്ള ആശുപത്രി കെട്ടിടങ്ങളുടേയും അറ്റകുറ്റപ്പണികൾ ഇപ്പോൾ നടത്തിവരുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly